## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3141 — 20/06/2014-ൽ മറുപടിയ്ക്ക്

## ഹോർട്ടികോർപ്പിന്റെ പച്ചക്കറി സംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ: ആർ. രാജേഷ് | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | ഹോർട്ടികോർപ്പിന്റെ സ്ഥാപനങ്ങൾക്ക വേണ്ടി പച്ചക്കറി സംഭരിക്കുന്നത് എവിടെനിന്നാണെന്ന് വിശദമാക്കാമോ; | എ) | കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., സംഘമൈത്രി, കൃഷി വകുപ്പിന്റെ കീഴിലുള്ള ആനയറ, നെടുമങ്ങാട്, മൂവാറ്റുപുഴ, തൊടുപുഴ തുടങ്ങിയ വേൾഡ് മാർക്കറ്റുകൾ, കളക്ഷൻ സെന്ററുകൾ എന്നിവ വഴിയും. കൂടാതെ കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ചു വരുന്നു. |
| ബി) | കർഷകരിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങുന്നത് നിയന്ത്രിക്കുകയോ നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | ബി) | കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ എന്നിവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ന്യായവില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നു. കർഷകരിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങുന്നത് നിയന്ത്രിക്കുകയോ നിർത്തലാക്കുകയോ ചെയ്തിട്ടില്ല. |
| സി) | ഹോർട്ടികോർപ്പ് സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വകാര്യ മുതലാളിമാരിൽ നിന്നും വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | കേരളത്തിലെ കർഷകരിൽനിന്നും ലഭ്യമല്ലാത്തതായ പച്ചക്കറികൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും സ്വകാര്യ കച്ചവടക്കാർ വഴിയാണ് സംഭരിക്കുന്നത്. |
| ഡി) | പ്രസ്തുത പ്രവൃത്തികൾക്ക് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; | ഡി) | സ്വകാര്യകച്ചവടക്കാരിൽ നിന്നും പച്ചക്കറികൾ സംഭരിക്കുമ്പോൾ ഏതെങ്കിലും വിധത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഇ) | ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ? | ഇ) | ഇടനിലക്കാരെ ഒഴിവാക്കി കേരളത്തിലെ കർഷകർ, കർഷകസംഘങ്ങൾ എന്നിവർ ഉല്പാദിപ്പിക്കുന്ന പഴം-പച്ചക്കറികൾക്ക് ന്യായവില നൽകി നേരിട്ട് സംഭരിച്ച് മിതമായ നിരക്കിൽ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാളുകളിലൂടെയും ലൈസൻസി സ്റ്റാളുകളിലൂടെയും ഉപഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നു. കൂടാതെ റസിഡൻഷ്യൽ ഏരിയകളിലും തിരുവനന്തപുരം സിറ്റിയുടെ പ്രധാനഭാഗങ്ങളിലും സഞ്ചരിക്കുന്ന വില്പനശാലകളിലൂടെയും പഴം- പച്ചക്കറികൾ ഉപഭോക്താക്കളിൽ എത്തിച്ചു വരുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, ഇടുക്കി ജില്ലയിലെ മൂന്നാർ എന്നിവടങ്ങളിൽ ജില്ലാ സംഭരണ-വിതരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ മൂന്നാറിൽ സ്ട്രോബറി സംസ്കരണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ ആനയറയിൽ പ്രവർത്തിക്കുന്ന ജില്ലാ സംഭരണ വിതരണ കേന്ദ്രത്തിനു പുറമേ നെയ്യാറ്റിൻകരയിലും പാറശ്ശാലയിലും കൊല്ലം ജില്ലയിലെ ചടയമംഗലത്തും സംഭരണ വിതരണ ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ജൈവവളങ്ങൾ മാത്രം ഉപയോഗിച്ച് കൃഷി ചെയ്യുന്ന വിഷ വിമുക്ത പച്ചക്കറികൾ ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് 'safe to eat' എന്ന പേരിൽ ഹോർട്ടികോർപ്പിന്റെ പഴവങ്ങാടിയിലുള്ള സസ്യാ സൂപ്പർമാർക്കറ്റിലൂടെ വിപണനം നടത്തി വരുന്നു.<br><br>വിപണിയിൽ പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിലും ഓണം ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിലും ഹോർട്ടികോർപ്പ് വിപണി ഇടപെടൽ നടത്തുകയും സർക്കാർ നിർദ്ദേശിക്കുന്ന സബ്സിഡി നിരക്കിൽ പഴം-പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു വരുന്നു.<br><br>**"കാർഷിക ഉല്പാദനക്ഷമതയ്ക്ക് തേനീച്ച വളർത്തൽ"** എന്ന പദ്ധതിയും ഹോർട്ടികോർപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ തേനീച്ച വളർത്തലിൽ സൗജന്യ പരിശീലനവും പരിശീലനം ലഭിച്ച കർഷകർക്ക് 50% സബ്സിഡി വ്യവസ്ഥയിൽ തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തു വരുന്നു. ഹോർട്ടികോർപ്പിന്റെ തേനീച്ച വളർത്തൽ പരിശീലനകേന്ദ്രം മാവേലിക്കരയിൽ പ്രവർത്തിച്ചു വരുന്നു.<br><br>കൂടാതെ ഗുണമേന്മയേറിയ നടീൽ വസ്തുക്കളുടെ വിപണനവും ഹോർട്ടികോർപ്പ് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**